**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1770** **12.06.2019 ൽ മറുപടിയ്ക്ക്**

## ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്

| **ചോദ്യം**<br>**ശ്രീ. കെ.ജെ. മാക്സി** | | **മറുപടി**<br>**ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | നിയമം ലംഘിച്ച് സർവ്വീസ് നടത്തുന്ന സ്വകാര്യ അന്തർസംസ്ഥാന ബസ്സുകളെ പരിശോധിക്കാൻ ഗതാഗത വകുപ്പ് രൂപം നൽകിയ ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്-ന്റെ പരിശോധനയിൽ എത്ര ബസ്സുകളിൽ നിന്നും എത്ര തുക പിഴയിനത്തിൽ ഈടാക്കിയെന്ന് വെളിപ്പെടുത്തുമോ; | (എ) | 24/04/2019 മുതൽ 06/06/2019 വരെ 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്' -ന്റെ പരിശോധനയിൽ 7991 ബസുകളിൽ നിന്ന് 2,97,61,750/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പിടികൂടിയ ചില വാഹനങ്ങൾ പിഴ അടയ്ക്കാൻ വിസമ്മതിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഇത്തരത്തിൽ പിടികൂടിയ ചില വാഹനങ്ങളുടെ ഉടമസ്ഥർ നാളിതുവരെ പിഴ ഒടുക്കിയിട്ടില്ല. അവർക്കെതിരെ പെർമിറ്റ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | അന്തർസംസ്ഥാന സ്വകാര്യ ബസ്സുകൾക്ക് വേഗപ്പൂട്ടും ജി.പി .എസും നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതലെന്ന് അറിയിക്കാമോ; | (സി) | പൊതു യാത്രാ വാഹനങ്ങൾക്ക് 01/01/2019 മുതൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് (VLTD) സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. ഇതിൽ സ്വകാര്യ ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളും ഉൾപ്പെടുന്നു. |
| (ഡി) | ഇവയിലൂടെയുള്ള ചരക്കുനീക്കം കർശനമായി തടയാൻ ഗതാഗത വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ; | (ഡി) | പെർമിറ്റിൽ അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സാധനങ്ങൾ കൊണ്ടുവരുന്നതിനെതിരെ മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. 2019 ഏപ്രിൽ മാസം മുതൽ നാളിതുവരെ ഇത്തരത്തിൽ 55 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ഇത്തരം ബസ്സുകളിൽ അമിത നിരക്ക് ഈടാക്കുന്നത് തടയാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇത്തരം ബസുകളിൽ നിരക്ക് ഈടാക്കുന്നതിന് സർക്കാർ ഉത്തരവുകളൊന്നും നിലവിൽ ഇല്ല. ആയതിനാൽ ഏകീകൃത നിരക്ക് നിശ്ചയിക്കുന്നതിനു വേണ്ടി Fare Revision Comittee- യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ തീരുമാനമുണ്ടായാൽ അമിത നിരക്ക് ഈടാക്കുന്നത് തടയാവുന്നതാണ്. കൂടാതെ വിശേഷാവസരങ്ങളിൽ നിലവിലുള്ള നിരക്കുകളിൽനിന്നും അമിതമായ നിരക്ക് ഈടാക്കാതിരിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**